# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7356
### 14.07.2014 ലെ മറുപടി
### പ്രവാസികളെ കബളിപ്പിച്ച് പണം തട്ടിയ സംഭവങ്ങൾ

ചോദ്യം | മറുപടി

ശ്രീ. കെ. വി. അബ്ദുൾഖാദർ

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | |
|---|---|
| പ്രവാസികളെ കബളിപ്പിച്ച് പണം തട്ടിയെടുക്കുന്ന സംഭവങ്ങളിൽ പോലീസ് വേണ്ടത്ര താല്പര്യം കാണിക്കാത്തതിനാലും എംബസികൾ മുഖേന നൽകുന്ന പരാതികൾ പോലും ഫലപ്രദമായി അന്വേഷിക്കാത്തതിനാലും സംസ്ഥാന പോലീസ് ആസ്ഥാനത്ത് പ്രവാസി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഐ.ജി. റാങ്കിലുള്ള ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ ? | പ്രവാസി മലയാളികളുടെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച പരാതികൾ വേഗത്തിലും ഫലപ്രദമായ രീതിയിലും കൈകാര്യം ചെയ്യുന്നതിനായി പോലീസ് ആസ്ഥാനത്ത് പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ എൻ.ആർ.ഐ. സെൽ പ്രവർത്തിക്കുന്നുണ്ട്. പ്രവാസികളുടെ പരാതികൾ സ്വീകരിക്കുന്നതിനും മുൻപ് നൽകിയ പരാതികൾ ഉണ്ടെങ്കിൽ ആയതിന്റെ സ്ഥിതിവിവരം അറിയിക്കുന്നതിനുമായി 04712721547, 04712729685, 04712724890, 0471-2722768 എന്നീ മുഴുവൻ സമയ ഹെൽപ്പ് ലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എൻ.ആർ.ഐ. സെല്ലിലെ പ്രധാനപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ ചുവടെ പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് ആവശ്യമായ സഹായം തേടാവുന്നതുമാണ്.<br>പോലീസ് സൂപ്രണ്ട് -9497996994<br>ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് - 9497990150<br>ഇൻസ്പെക്ടർ ഓഫ് പോലീസ് -9497987225<br>കൂടാതെ പ്രവാസികൾക്ക് spnri.pol@kerala.gov.in എന്ന വെബ്സൈറ്റ് മുഖേനയും തപാൽ മുഖേന സർക്കാരിന് നേരിട്ടും, സംസ്ഥാന പോലീസ് മേധാവി, പോലീസ് ആസ്ഥാനം, തിരുവനന്തപുരം, കേരള, തിരുവനന്തപുരം-10 എന്ന മേൽവിലാസത്തിലും പരാതി നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ